"ഭരണഭാഷ - മാതൃഭാഷ"

DGE/11198/2024-QIP1

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി : 31-05-2025

സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം - സ്കൂളുകളിൽ സുരക്ഷ- നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് - സംബന്ധിച്ച്

സൂചന :-
1. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 13/05/2025 ലെ ഡിജിഇ/9520/2025/ക്യു.ഐ.പി1 നമ്പർ സർക്കുലർ.
2. കേന്ദ്രവിദ്യാഭ്യാസ മന്ത്രാലയം 2021 ൽ പുറപ്പെടുവിച്ച സ്കൂൾ സുരക്ഷ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ.
3. ദേശീയ ബാലാവകാശ സംരക്ഷണകമ്മീഷൻ (NCPCR) പുറപ്പെടുവിച്ച സ്കൂളിലെ സുരക്ഷ സംബന്ധിച്ച മാന്വൽ

2025-26 അധ്യയന വർഷം സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി, കുട്ടികളുടെ സുരക്ഷയും ആരോഗ്യവും കണക്കിലെടുത്ത് പാലിക്കേണ്ട സുരക്ഷ നിർദ്ദേശങ്ങൾ സൂചന (1) പ്രകാരം പുറപ്പെടുവിച്ചിരുന്നു. എന്നാൽ നിലവിലുള്ള പ്രതികൂല കാലാവസ്ഥ സാഹചര്യം കണക്കിലെടുത്ത്, സുരക്ഷ ക്രമീകരണങ്ങൾ ശക്തമാക്കുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ കൂടി പുറപ്പെടുവിക്കുന്നു.

- എല്ലാ സ്കൂളുകളിലെയും മുഴുവൻ അടിസ്ഥാന സൗകര്യങ്ങളുടെയും സമഗ്രമായ സുരക്ഷ ഓഡിറ്റ് നടത്തേണ്ടതാണ്. കെട്ടിടങ്ങളുടെ സ്ഥിരത, ക്ലാസ് മുറികളുടെ അവസ്ഥ, ശുചിത്വ സൗകര്യങ്ങൾ, വൈദ്യുത സംവിധാനങ്ങൾ, ചുറ്റുമതിൽ, കിണർ മുതലായവ പരിശോധിക്കേണ്ടതാണ്. അപകടകരമായ കുഴികൾ നികത്തുകയും കേടുപാടുകൾ വന്ന ചുമരുകൾ, തുറന്ന വയറിംഗ്, സുരക്ഷിതമല്ലാത്ത വാതിലുകൾ, ജനാലകൾ തുടങ്ങിയവയെല്ലാം നീക്കം ചെയ്യുകയോ മെയിന്റനൻസ് ചെയ്തോ ഉപയോഗപ്രദമാക്കേണ്ടതാണ്.
- കളിസ്ഥലങ്ങൾ, സമീപ പ്രദേശങ്ങളിൽ പടർന്നു പിടിച്ച സസ്യങ്ങൾ, കെട്ടികിടക്കുന്ന വെള്ളം, ഇഴജന്തുക്കളുടെയോ വന്യ ജീവികളുടെയോ അപകട സാധ്യതകൾ എന്നിവ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
- ആവശ്യത്തിനു വായു, വെളിച്ചം കടക്കുന്നതും, വൃത്തിയുള്ളതുമായ ടോയ്ലെറ്റ് സൗകര്യങ്ങൾ എല്ലാ വിദ്യാലയങ്ങളിലും ഒരുക്കേണ്ടതാണ്.

- എല്ലാ സ്കൂളുകളിലും ജീവനക്കാർക്കും വിദ്യാർത്ഥികൾക്കും ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ പ്രഥമ ശുശ്രൂഷ കിറ്റ് സൂക്ഷിക്കണം. ഓരോ സ്കൂളിലും കുറഞ്ഞത് രണ്ട് ജീവനക്കാർക്കെങ്കിലും അടിസ്ഥാന പ്രഥമ ശുശ്രൂഷയും (CPR, അടിയന്തിര മുറിവ് പരിചരണം) എന്നിവയിൽ പരിശീലനം ലഭ്യമാക്കാനുള്ള നടപടികൾ ആരോഗ്യവകുപ്പുമായി ചേർന്ന് സ്വീകരിക്കണം.
- വിദ്യാലയങ്ങൾക്ക് അടുത്തുള്ള പൊതുജനാരോഗ്യ കേന്ദ്രങ്ങളിലെ ഉദ്യോഗസ്ഥരുടെ വിശദാംശങ്ങൾ (ഫോൺ നമ്പർ ഉൾപ്പെടെ) എല്ലാവർക്കും കാണുന്ന തരത്തിൽ പ്രദർശിപ്പിക്കേണ്ടതാണ്. കൂടാതെ ആംബുലൻസ് സർവ്വീസുകളുടെ വിശദാംശങ്ങളും ചേർക്കേണ്ടതാണ്. എല്ലാ സ്കൂളുകളിലും അടിയന്തിര ഘട്ടങ്ങളിൽ വൈദ്യ ചികിത്സ ആവശ്യമായാൽ സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച് വ്യക്തമായ സുരക്ഷ പ്ലാൻ ഉണ്ടായിരിക്കണം .
- ഇഴജന്തുക്കളുടെ കടിയേറ്റാൽ ഉണ്ടാകുന്ന ഗുരുതരമായ സാഹചര്യങ്ങളിൽ ആന്റിവെനം, വൈദ്യപരിചരണം എന്നിവ ഉടനടി ലഭ്യമാക്കുന്നതിന് അടുത്തുള്ള പ്രാഥമികാരോഗ്യ കേന്ദ്രവുമായി ബന്ധപ്പെട്ട് സ്വീകരിക്കണം. ആരോഗ്യവകുപ്പുമായി ചേർന്ന്, ആന്റിവെനം സൗകര്യമുള്ള ആശുപത്രികളുടെ ലിസ്റ്റ് സൂക്ഷിക്കേണ്ടതാണ്.
- ഇഴജന്തുക്കളുടെ സാധ്യതയുള്ള സ്ഥലങ്ങൾ തിരിച്ചറിഞ്ഞ് അവ ഇല്ലാത്താക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ഭിത്തികൾ, സംഭരണ സ്ഥലങ്ങൾ, പൂന്തോട്ടങ്ങൾ , വിടവുകൾ, ദ്വാരങ്ങൾ, പടർന്നു കേറുന്ന സസ്യങ്ങൾ എന്നിവയിലെല്ലാം ഇത്തരം ഇഴജന്തുക്കളുടെ സാന്നിദ്ധ്യം ഇല്ലെന്ന് ഉറപ്പുവരുത്തണം..ഇഴജന്തുക്കളുടെ സാന്നിദ്ധ്യമുള്ള പ്രദേശങ്ങളിൽ വനം വകുപ്പുമായി ചേർന്ന് പാമ്പ് പിടുത്തക്കാരുടെ സേവനം ലഭ്യമാക്കാവുന്നതും അപകട സാധ്യത ഒഴിവാക്കേണ്ടതുമാണ്.
- ഏതെങ്കിലും തരത്തിലുള്ള ഗുരുതര ആഘാതമുള്ള പരിക്കുകൾ സംഭവിച്ചാൽ, പരിക്കിനുശേഷമുള്ള ആദ്യ മണിക്കൂറിൽ (golden hour) തന്നെ അടിയന്തിര വൈദ്യ ചികിത്സ/പരിചരണം ലഭിക്കുന്നത് നിർണ്ണായകമാണ്. ആയതിൽ കാലതാമസം വരാൻ പാടുള്ളതല്ല.
- തീപിടിത്തം, വെള്ളപ്പൊക്കം, ഭൂകമ്പം അല്ലെങ്കിൽ മറ്റ് അടിയന്തിര സാഹചര്യങ്ങളിലുള്ള തയ്യാറെടുപ്പ് ഉറപ്പാക്കാൻ സ്കൂളുകൾ ജില്ലാ ദുരന്തനിവാരണ അതോറിറ്റി, തദ്ദേശ സ്വയംഭരണ സ്ഥാപനവുമായി ചേർന്ന് നടപടികൾ സ്വീകരിക്കേണ്ടതും മോക്ക് ഡ്രില്ലുകൾ പോലുള്ള സുരക്ഷ ക്രമീകരണങ്ങൾ നടത്തേണ്ടതുമാണ്. അടിയന്തിര സാഹചര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനെക്കുറിച്ച് അവബോധം കുട്ടികളിൽ വളർത്തേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ എല്ലാ സ്കൂൾ മേധാവികളും മാനേജ്മെന്റുകളും കർശനമായി പാലിക്കേണ്ടതും വിദ്യാഭ്യാസ ഓഫീസറുടെ പരിശോധനയിൽ ഇവ ഉറപ്പുവരുത്തേണ്ടതുമാണ്.

Signed by
Santhosh C A
Date: 31-05-2025 14:57:51

പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (അക്കാദമിക്)

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

സ്വീകർത്താവ്:

1. എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
2. എല്ലാ ആർ.ഡി.ഡി മാർക്കും (ഹയർ സെക്കന്ററി വിഭാഗം)
3. എല്ലാ എ.ഡി മാർക്കും (വി.എച്ച്.എസ്.സി വിഭാഗം)
4. എല്ലാ ഡയറ്റ് പ്രിൻസിപ്പൽമാർക്കും
4. എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
5. എല്ലാ പ്രിൻസിപ്പാൾ/ഹെഡ്മാസ്റ്റർമാർക്കും (ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർ മുഖേന)